കേരള കാർഷിക സർവ്വകലാശാല
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി

## വിജ്ഞാപനം

നമ്പർ : ഡി1/1192/17 തിയ്യതി : 10/4/2018

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ എൻ.സി.എ. ഒഴിവുകളിലേക്ക് താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം. | വിഭാഗം | ഒഴിവുകളുടെ എണ്ണം | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1 | എസ്.ഐ.യു.സി. നാടാർ | 1 | 0 |
| 2 | മുസ്ലീം | 0 | 1 |
| 3 | ഒ.എക്സ് | 0 | 1 |
| | ആകെ | 1 | 2 |

നിബന്ധനകൾ :

1. അപേക്ഷകർ ഫാം സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിക്കുള്ളിലോ, ഫാമിൽ നിന്നും അഞ്ച് കി.മീ. ഭൂപരിധിക്കുള്ളിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലോ ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവിടങ്ങളിലോ സ്ഥിരതാമസക്കാരായിരിക്കണം.
2. അപേക്ഷകർ 1.1.2018 ന് 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. പിന്നോക്ക വിഭാഗത്തിലെ 18 നും 39 നും ഇടയ്ക്ക് പ്രായമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.
3. വിദ്യാഭ്യാസ യോഗ്യത : നാലാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ വിദ്യാഭ്യാസ് യോഗ്യതയുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. ഉയർന്ന യോഗ്യതയുള്ളവരെ പരിഗണിക്കുന്നതല്ല.
4. വയസ്സ്, ജാതി, മതം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കാൻ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. അപേക്ഷകർ നിർദ്ദിഷ്ട സ്ഥലപരിധിക്കുള്ളിൽ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
6. അപേക്ഷാ ഫോറം ഈ കേന്ദ്രത്തിൽ നിന്നും 20 രൂപ വിലയ്ക്ക് 16.4.18 മുതൽ 31.5.18 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്. തുക പണമായി അതാത് സ്റ്റേഷനിൽ ഒടുക്കേണ്ടതാകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് തങ്ങൾ മേൽ വിഭാഗത്തിൽപ്പെടുന്നവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷാ ഫോറം സൗജന്യമായി ലഭിക്കുന്നതാണ്.
7. കായികക്ഷമതാ പരീക്ഷ, തൊഴിൽ, വൈദഗ്ധ്യ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.
8. സർവ്വകലാശാല നിശ്ചയിക്കുന്ന ഇനങ്ങളിലായിരിക്കും അപേക്ഷകരുടെ തൊഴിൽ വൈദഗ്ധ്യം പരിശോധിക്കുന്നത്.
9. സാമുദായിക സംവരണം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെയും, ഗവൺമെന്റ് ഉത്തരവുകളുടെയും മാനദണ്ഡങ്ങൾ കാഷ്വൽ തൊഴിലാളി നിയമത്തിനും ബാധകമായിരിക്കും.
10. 16.8.2017 തിയ്യതിയിലെ വിജ്ഞാപന പ്രകാരം മുസ്ലിം സംവരണ വിഭാഗത്തിലെ സ്ത്രീ കാഷ്വൽ തൊഴിലാളി സംവരണ വിഭാഗത്തിലേക്ക് അപേക്ഷ സമർപ്പിച്ചവർ ഈ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതില്ല.
11. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി 31.5.2018 വൈകീട്ട് 5.00 മണി ആയിരിക്കും.
12. വിശദ വിവരങ്ങൾ സ്റ്റേഷന്റെ 0466 2970328 എന്ന ടെലിഫോൺ നമ്പറിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ

സ്വീകർത്താക്കൾ:

മുനിസിപ്പൽ സെക്രട്ടറി, പട്ടാമ്പി മുനിസിപ്പാലിറ്റി
സെക്രട്ടറി, പട്ടാമ്പി സർവീസ് സഹകരണ ബാങ്ക്, പട്ടാമ്പി
വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, പട്ടാമ്പി / കെ.എ.യു. വെബ്സൈറ്റ്
അഗ്രികൾച്ചറൽ ഓഫീസർ, കൃഷിഭവൻ, പട്ടാമ്പി/

നോട്ടീസ് ബോർഡ് - സ്റ്റേഷൻ/ കെ.വി.കെ/ഫാം/സെയിൽസ് കൗണ്ടർ

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ

സഹു

Scanned by CamScanner